# ചൈത്രപ്രഭാവം

(ക്ഷേത്രപ്രവേശ വിളംബരം വഞ്ചിപ്പാട്ട്.)

റാവുസാഹിബ്, മഹാകവി,

**ഉള്ളൂർ എസ്. പരമേശ്വരയ്യർ,**

എം. ഏ., ബി. എൽ.

Digitized By Kerala Sahitya Akademi

ശ്രീധര പ്രിൻറിങ്ങ് ഹൌസ്, തിരുവനന്തപുരം.

കാപ്പി ൨൦൦൦.

1113

പ്രകാശകൻ,

ആർ. ടി. പിള്ള, ചാല, തിരുവനന്തപുരം.

Digitized By Kerala Sahitya Akademi

വിശ്വവിശ്രുതമായ

# ക്ഷേത്രപ്രവേശവിളംബരം മൂലം

വഞ്ചിഭൂമിയുടെ

കൃതയുഗസ്രഷ്ടാവായി വാണരുളുന്ന

# ശ്രീ ചിത്തിര തിരുനാൾ

പൊന്നുതമ്പുരാൻ തിരുമനസ്സിലെ

തൃപ്പാദപത്മങ്ങളിൽ

സഭക്തിപ്രശ്രയം സമർപ്പിക്കപ്പെടുന്ന

# ഗാനോപഹാരം.

Digitized By Kerala Sahitya Akademi



Digitized By Kerala Sahitya Akademi

# ചൈത്രപ്രഭാവം

ജയ ജയ മഹാത്മാവേ! വഞ്ചിഭൂമീമംഗലവാവേ!
ജയ ജയ ബാലരാമമഹാരാജാവേ!
ജയ ജയ ദീനജനഭാഗധേയവിധാതാവേ!
ജയ ജയ ഹിന്ദുമതസമുദ്ധത്താവേ!
എത്ര ധമ്മപ്രവക്താക്കളെത്ര ജഗൽഗുരുഭൂത-
രെത്ര മഹോദാരന്മാരാം രാജഷിവയ്യർ,
വീരമാതാവെന്നപേരിൽ വിശ്വമെങ്ങും വിളികൊള്ളും
ഭാരതാംബതൻ വയററിൽപ്പണ്ടുദിച്ചീല!
അവിടത്തെദ്ദൂരദൃഷ്ടി,യവിടത്തെബ്ഭ്രുതദയ,-
യവിടത്തെക്കാലദേശസൂക്ഷ്മാവബോധം,
അവിടത്തെക്കൃത്യനിഷ്ഠ,യവിടത്തേ മതശ്രദ്ധ,-
യവിടത്തേ മാതൃഭൂമിസപര്യാസക്തി,
അവിടത്തേ മനഃസ്ഥൈയ്യം—അജനൊന്നിച്ചിവയെല്ലാ-
മവർക്കാക്കമരുളിയില്ലമുകതഹസ്തൻ.
ക്ഷിപ്രമവരാരെന്നാലുമല്ലയെങ്കിൽ ഭവാൻെറയി-
സ്സൽപ്രവൃത്തി പണ്ടുപണ്ടേ ചെയ്തിരുന്നേനേ. (16)

Digitized By Kerala Sahitya Akademi

## II

ഭാരതത്തിൽപ്പണ്ടിരുന്ന പാവനരാമൃഷീന്ദ്രന്മാർ,
ഭൂരിദയാമൃതരസപൂരിതസ്വാന്തർ,
പരബ്രഹ്മസാക്ഷാൽക്കാരപരിഹൃതദ്വന്ദ്വഭാവർ,
പരഹിതനിർവ്വഹണപരായണന്മാർ,
സച്ചരാചരങ്ങളിൽത്തങ്ങളേയും നിരന്തരം
സച്ചരാചരങ്ങളെത്തങ്ങളിലും നാം
ഒന്നുപോലെ കാണണമെന്നോർത്തുറപ്പിൽ പ്രതിഷ്ഠിച്ച
ഹിന്ദുമതം, സനാതനം, വിശ്വമോഹനം:—
പരമതിൻ സർവ്വാങ്ഗീണസുഷമമാം തനുവിൽപ്പ-
ണ്ടൊരു ചെറുപാണ്ടിൻപൊട്ടു തൊട്ടു ദുഷ്ക്കാലം.
ആയതിൻ പേരയിത്തം പോ,ലാമയമതതിമാത്രം
കായമെങ്ങും പടർന്നേറി കാലക്രമത്തിൽ.
ഹന്ത! തെററിദ്ധരിച്ചുപോയ് കീർത്തിയെന്നു വളരെ നാ-
ളന്ധരാം നാമതിഹേയമാമഹാരോഗം.
അകിഞ്ചനരായി നമ്മളുടിമകളായി കഷ്ട-
മഹന്നിശം ഭ്രാതൃഹത്യാപാപികളായി.
അറിയുന്നീലെന്നിട്ടും നാ,മന്യദേശക്കാർക്കശേഷ-
മയിത്തക്കാരായാൽപ്പോലുമതിൻ വൈരൂപ്യം.



Digitized By Kerala Sahitya Akademi

പതിതർ നാമഖിലരും ഭ്രാതാക്കളേ ! ഭാരതീയർ:—
പതിതരുമുണ്ടോ വേറേ നമുക്കിടയിൽ? (36)

## III

വരവെഴമീ രക്ഷസ്സിന്നു വളരെ വീട്ടുണ്ടെന്നാലു-
മമ്പലമാണന്തിമമാമാശ്രയസ്ഥാനം.
ഹന്ത ! നമ്മരം കുറേപ്പേരെ നമ്മളിൽ നിന്നടിച്ചോടി-
ച്ചന്തകൻതൻ മട്ടവരോടാവതും കാട്ടി—
ഉടുക്കുവാൻ തുണിയില്ല; കിടക്കുവാൻ കുടിലില്ല;
കുടിക്കുവാനൊരുതുള്ളിക്കഞ്ഞിനീരില്ല;
ഹരിയെന്നു വാതുറന്നു പറയുവാനറിവില്ല;
കരയുവാൻപോലും കാര്യവിവരമില്ല;—
വെറുമിരുക്കാലിമാട്ടിൻ നിലയിലിമ്മട്ടിലൊരു
വരവരച്ചപ്പുറത്തു ചെറുത്തുതള്ളി,
മരുവുന്നു; മററുപേക്ഷ മധുരമായിരിപ്പോരീ
നരലോകമവക്കയ്യോ! ലുപ്ത'ലോ' വർണ്ണം.
ദൈവമെന്നും ഭക്തിയെന്നും ക്ഷേത്രമെന്നും പൂജയെന്നു-
മേവമുള്ള വാക്കുകൾതന്നർത്ഥം ഗ്രഹിപ്പാൻ
അവരല്ലീ നമ്മളെക്കാളധികാരിഭാവമാർന്നോ-
രഗദത്തിന്നാവശ്യക്കാരാതുരരല്ലീ ?



Digitized By Kerala Sahitya Akademi

## ചൈത്രപ്രഭാവം

ആരിരുന്നരുളീടുന്നു ദേവതായതനത്തിങ്ക-
ലാരണ്ണനല്പാഢ്യമാനിയജ്ഞതാവിഷ്ടൻ.
പാരിടങ്ങൾ പതിന്നാലും കാത്തിടുന്ന പരൻ പുമാൻ,
പാമരക്കും പണ്ഡിതക്കും പ്രാർത്ഥിതദായി,
സത്യശിവശാന്തമൂർത്തി, സച്ചിദാനന്ദസ്വരൂപൻ,
നിത്യശുദ്ധൻ, നിത്യബുദ്ധൻ, നിത്യവിമുക്തൻ.
പൂച്ചകൾക്കും പുഴക്കൾക്കും പുല്ലുകൾക്കും പൂഴികൾക്കും
സ്വച്ഛപോലെ കടികൊൾവാനുണ്ടവകാശം;
മാനുഷക്കു മാത്രമതിൽ—മാനുഷർതൻ സോദരക്കു—
ന്നുണക്രൂടാ പിതാവിനെ കൈക്കൂപ്പിപ്പോവാൻ;
അയിത്തമായ് ദേവനപ്പോ,ളഖിലവും കട്ടിച്ചോരായ്;
ഭയദമാം ഭൂകമ്പമായ്; പ്രളയവുമായ്.
അളക്കനുവല്ലോ മർത്ത്യ! നിൻെറ പൊട്ടമുഷ്ടികൊണ്ടീ-
യുലകെങ്ങും നിറഞ്ഞുള്ളോരുടയോനെ നീ!
നിൻകിടാങ്ങൾ സമീപിച്ചാൽ നീയകലാൻ മുതിന്നിടാ
മങ്കമവരേറിയാൽ നിൻ മുണ്ടഴക്കാകാം;
അവക്കു നീ പിതാവായതരോചകമായിത്തോന്നാം;
ഭുവനേശൻ ത്വാദൃശനല്ല ചങ്ങാതി!
അവനവൻതന്മനസ്സിൻ സങ്കല്പത്തിൽക്കവിഞ്ഞാക്കു-
മവനിയിൽ ദൈവമില്ലെന്നറിയുണേ നീ.



Digitized By Kerala Sahitya Akademi

അമ്പലത്തിൻ ചടങ്ങവരറിയാത്തോർ പോലു,മവ-
ർക്കംബരവും ശരീരവും മലിനം പോലും!
ആരു ചെയ്ത പിഴയതു? നമ്മുടയ പൂർവ്വഗന്മാർ;
ആര,തിന്നു നികത്തേണ്ടോർ? നമ്മൾതാൻ—നമ്മൾ.
എളിയൊരു കനിഷ്ഠനെച്ചേററിൽ വീഴ്ത്തിത്തൻെറ മുണ്ടിൽ-
ച്ചളിതെറിച്ചതായ് ജ്യേഷ്ഠൻ പഴിചൊല്ലുന്നു;
പുറംപൊളിച്ചിററുവീഴും നിണം തൻെറ ചൂരലിന്മേൽ-
പ്പുരണ്ടതായ്ക്കണ്ടു പിന്നെക്കലികൊള്ളുന്നു;
തല്ലുകൊന്നു ശവത്തിൻെറ ചീഞ്ഞ നാററം സഹിക്കാതെ
ലജ്ജവിട്ടു കരംകൊണ്ടു മൂക്കുപൊത്തുന്നു!
മതമെന്നല്ലിതിന്നു പേർ; മതത്തിൻെറ മറയ്ക്കുള്ളിൽ
മദം നിന്നു കാട്ടിക്കൂട്ടും മനുഷ്യദ്രോഹം. (൬4)

1V

തൻെറ കാലം കഴിഞ്ഞോട്ടെ വല്ലമട്ടുമെന്നു ചൊല്ലി-
സ്വാന്തനിലയുറപ്പിക്കും സൂത്രശാലികൾ;
പഴമയെപ്പേടിച്ചന്തഃകരണം കാട്ടിടുന്ന നേർ-
വഴിയിൽക്കാൽ കുത്തിടാത്ത പശുമതികൾ;
ഒച്ചിഴച്ചിൽ വിമാനത്തിൻ പാച്ചിലെന്നു നിനയ്ക്കുന്ന
നിശ്ചലതാപ്രണയികൾ നിത്യസുഷുപ്തർ;



Digitized By Kerala Sahitya Akademi

## ചൈത്രപ്രഭാവം

പത്തുനാലായിരം വർഷം മുമ്പിരുന്ന മനുഷ്യർക്കേ
ബുദ്ധിയുള്ളുവെന്നുരയ്ക്കും രൂഢഭ്രഭക്തർ;
അതികാമ്യം താനീലക്ഷ്യമനവാപ്യമല്ലെന്നാലെ-
ന്നു പരാനുകമ്പകാട്ടുമശുദ്ധചിത്തർ;
പൂർവജന്മകർമ്മഫലം ഭുജിപ്പിച്ചിടാഞ്ഞാലുണ്ടാം
ദൈവകോപമെന്നുരയ്ക്കും ദൈവജ്ഞമ്മന്യർ;
ഊരുക്കുടിത്തീർച്ചയാക്കാനുള്ള കാര്യമൊരുവന്റെ
ഭാരമല്ലെന്നോതുങ്ങീടും പ്രച്ഛന്നസ്വാർത്ഥർ;
അച്ഛനിലുമമ്മയിലും തന്നിലെഴുമപരാധം
വെച്ചുകെട്ടാനൊരുങ്ങുന്ന വിശ്വവഞ്ചകർ;—
പാരമേവം പലപല വേഷമാർന്നു നടക്കുന്നു
ഭാരതോർവീസമുൽഗതിപ്രതിരോധികൾ.
ഒന്നിനൊന്നു നിവിൻയന്നാത്തായിത്തപ്പിശാചതാ !
നിന്നിടുന്നു തന്മധ്യത്തിൽ നിർഭയമായി—
ഹോയി ഹോയിയെന്നലറി മപ്പടിച്ചു കലിതുള്ളി
വായിൽനിന്നു തീവമിച്ചു വല്ലാത്ത ഭൂതം.
ഭഗവതി ഭാരതാംബ പതറി വീഴുന്നു പാവം
ശകലവും ശാന്തിക്കൊരു വഴി കാണാതെ.
വലങ്കണ്ണുമിടങ്കണ്ണും മാറിമാറിത്തുറക്കുന്നു
വളരെനാളായിട്ടുഴറി പകലും രാവും.



Digitized By Kerala Sahitya Akademi



Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

"സൂര്യനായിക്കയത്താലും ചന്ദ്രനായിച്ചിരിച്ചാലും
കാര്യമില്ല; സവർണ്ണക്കു രണ്ടും സമാനം.
ദഹിപ്പിക്കാമെന്നുവച്ചാൽത്തീക്കണ്ണില്ല; മനസ്സില്ല;
സഹിക്കാം ഞാനീയനീതി ചിലനാൾകൂടി."
എന്നു നിനച്ചുടങ്ങിത്തൻ മെത്തയിന്മേൽക്കിടക്കയാ-
ണൊന്നുമറിയാത്തമട്ടിൽ ശ്രീപത്മനാഭൻ. (116)

V

ആദ്ധ്യമത്ര കാൺകമൂലം ശ്രീവിവേകാനന്ദൻ മുന്നം
ഭ്രാന്തശാലയെന്നു ചൊന്ന കേരളനാട്ടിൽ—
തൊട്ടുകൂടാ—തീണ്ടിക്കൂടാ—കണ്ടുകൂടാ—തുടങ്ങിയ
ചട്ടമിന്നും നിലനില്ക്കും ശ്വാപദക്കാട്ടിൽ—
ഘോരനാമിദ്ദുരാചാരതാരകനെക്കൊന്നൊടുക്കാ-
നേറെനാളായ് വിബുധന്മാർ ചെയ്ക തപസ്സാൽ
ശ്രീപാർവ്വതീദേവിയുടെ തിരുവുദരത്തിലൊരു
ശോഭനനാം കുമാരൻ പോന്നവതരിച്ചു.
സ്തന്യപാനദശയിലും ധർമ്മവീരനന്യപേന്ദ്ര-
വന്യദുഃഖമകററുവാനൌത്സുക്യശാലി
കോലകത്തെഗ്ഗാനമൊന്നുമല്ല കേട്ടതവിടുന്നു,
മാലിയലുമധഃസ്ഥർതൻ തപ്തനിശ്വാസം;



Digitized By Kerala Sahitya Akademi

കോമളമാം വസ്തുവൊന്നുമല്ല കണ്ടതവിടുന്നു,
ജാമദഗ്ന്യധരണിതൻ സവ്രീഡവക്ത്രം.
അരുളീടുമനുകമ്പാവിവശനായ്ക്കൺനിറഞ്ഞു
തിരുമേനി: "ഇതെന്തൊരു നീതികേടമ്മേ?
അരയൊരു കീറക്കരിത്തുണിത്തുണ്ടുകൊണ്ടു മറ-
ച്ചരിവററു കണ്ടിടാത്തവയറുമായി
കവിളൊട്ടി, മിഴികുഴി,ഞ്ഞുടൽമെലി,ഞ്ഞെല്ലെല്ലുന്തോ-
രിവരേവർ നമ്മെക്കണ്ടാലോടിയൊളിപ്പോർ?
ഇവരോടെന്തിതരന്മാരിത്തരത്തിൽപ്പെരുമാറാ-
നിവരുമെന്തിക്കണക്കിലൊഴിഞ്ഞുമാറാൻ?
ഇവരും ഹാ! ദയനീയർ നരരല്ലേ നമ്മെപ്പോലെ,-
യിവരെയും സൃഷ്ടിചെയ്തതീശ്വരനല്ലേ?
പാമ്പിനേയും കാവിൽവെച്ചു കൈതൊഴുന്നു കേരളീയർ;
പാമ്പിനെക്കാൾപ്പതിതനോ പാവം മനുഷ്യൻ?"
മറുപടിയതിന്നോതും മനസ്വിനി മഹാറാണി:
"പരമാർത്ഥം, നമുക്കിവർ ഭ്രാതാക്കൾതന്നെ.
ഹിന്ദുധർമ്മം ചരിക്കുവോർ; ഹിന്ദുനാമം ധരിക്കുവോർ;—
എന്തുചെയ്യാം,മനുഷ്യരിലന്ധവിശ്വാസം!
പിറവിയിൽത്തന്നെയിവർ പതിതർപോൽ; ഇജ്ജന്മ
ലൊരുനാളുമില്ലിവർക്കൊരുന്നമനംപോൽ! [ത്തി:



Digitized By Kerala Sahitya Akademi

ഏതു വിദ്യാഗങ്ഗയിൽച്ചെന്നെത്ര മുങ്ങിക്കുളിച്ചാലും
ജാതിപങ്കപ്രമാർജ്ജനം സാദ്ധ്യമല്ലപോൽ!
എന്നതത്രേ കെട്ടമാമൂൽവിധി,യതിന്നടിപെട്ടു
നിന്നുപോയി നിരാധാരർ നീണാളിക്കൂട്ടർ.
ഇപ്പുഴക്കുത്തുള്ള കാലമില്ല വിലയീവൈരത്തി-
ന്നപ്പുചേന്ന പായസമാർക്കുണ്ണിന്ന കൊള്ളാം?
നാളിൽ നാളിൽ നരകേറ്ററം നാശകരമായിപ്പോയി
കാളിയൻതൻ വിഷത്താലിക്കാളിന്ദീവാരി.
ആരു കണ്ടു? കഷ്ടനാവാമാനരകക്കുണ്ടിൽനിന്നി-
ബ്ഭാരതത്തെ യഥാപൂർവ്വം സമുദ്ധരിപ്പാൻ;
മാതൃഭൂവിൻ ചുടുകണ്ണീർ മാർജ്ജനംചെയ്താരുമെങ്ങു-
മാദരവാന്നരുളിട്ടമാശിസ്സു വാങ്ങാൻ;
നമ്മുടയ വഞ്ചിനാടാം ദേവിയുടെ ശിരസ്സിങ്കൽ-
പ്പൊന്മകുടം പണിതൊന്നു പുത്തനായ്ച്ചാർത്താൻ;—
ഭാഗധേയം ഭവിപ്പതു ഭാവിയിങ്കൽ;—അരുളട്ടെ
ലോകനാഥൻ വരമുണ്ണിക്കങ്ങനെ ചെയ്യാൻ." (164)

## VI

ചില സംവത്സരം മേലുമുദിച്ചുയന്നസ്തമിച്ചു;
ഫലവത്തായ് ജനങ്ങൾതൻ പ്രാർത്ഥനശാഖി;



Digitized By Kerala Sahitya Akademi

## ചൈത്രപ്രഭാവം

കാലമനുകൂലമായി; വഞ്ചിഭൂവിൻ നാഥനായി
ബാലരാമവർമ്മനൃപപീയൂഷഭാനു.
ഉല്പതിഷ്ണുവാമവിടുന്നുത്തമമാം മുഹൂർത്തത്തിൽ
പത്മനാഭനരുളിന പള്ളിവാൾ വാങ്ങി
ചേരമാൻപൊൻമുടി ചൂടിത്തിരുവിതാംകൂറു കാക്കാ-
നാരംഭിച്ചു—മൂർത്തിമത്താം യുവചൈതന്യം.
പര്യടനംകൊണ്ടും ഗ്രന്ഥപാരായണംകൊണ്ടും ലോക-
ചര്യയുടെ പരമാർത്ഥം തമ്പുരാൻ കണ്ടു.
എവിടെയുമുദാത്തമാമേകയോഗക്ഷേമചിന്ത;
എവിടെയുമുജ്ജ്വലമാം ദേശാഭിമാനം;
എവിടെയുമഹമഹമികകൈക്കൊണ്ടുന്നതിക്കാ-
യവിരതം ധീരർ ചെയ്യുമകുണ്ഠയത്നം.
ഒരുതെല്ലുമതുകാണ്മാൻ മിഴിയെന്യേ കിടപ്പതു
ഭരതഭൂഖണ്ഡം മാത്രം പ്രക്ഷീണപുണ്യം.
എവിടെയുമുയർച്ചയ്ക്കു തടസ്ഥമില്ലേതൊരാൾക്കു-
മെവിടെയും സ്പൃഹണീയം മനുഷ്യജന്മം;
ശോഭനമാം ഭാവിയുടെ നിർമ്മിതിക്കങ്ങാർക്കും ചേരും
സ്വാഭിലാഷം, സ്വസാമർത്ഥ്യം, സ്വവ്യവസായം.
നികൃഷ്ടമല്ലാർക്കും ജന്മം; നിഷിദ്ധമല്ലേതും കർമ്മം;
സുഖിക്കുവാനാർക്കുമുണ്ടു തുല്യാവകാശം.



Digitized By Kerala Sahitya Akademi

## ചൈത്രപ്രഭാവം

ഭഗവതി! ഭാരതോർവി! ഭവതിയിൾ മാത്രമെന്തീ
വികൃതമാം വിധിവാമ്യം, വിഷാദസ്ഥാനം?
അയിത്തമാണവിടുത്തേയഴലുകൾക്കാദിമൂല,-
മയൽവക്കക്കൊക്കശേഷമപഹാസാർഹം.
ഇപ്പുഴക്കൈവിലങ്ങമ്മയെത്രകാലം ചുമക്കേണ-
മിപ്പെരിയ ശാപത്തിന്നുമില്ലയോ മോക്ഷം?
ശ്രുതികളും സ്മൃതികളും ചികഞ്ഞു നോക്കുകിൽക്കാണാം-
മതിലെല്ലാമനസ്യൂതമായൊരുതത്വം.
ഒരിക്കലുമസ്മൽപൂർവരിരുന്നവരല്ലന്നു
പരിഷ്കരിച്ചിടാതെ തന്മതാചാരങ്ങൾ.
അല്ലയെങ്കിൽപ്പുഴയോരീ ഹർമ്മ്യമെന്നേ കാലത്തിന്റെ
മല്ലുതട്ടിൽ മൺമറഞ്ഞുപോയിരുന്നേനേ.
നിയതം നാം നീളെ മേലും നിവസിക്കേണ്ടൊരിസ്സൗധ-
മയിത്തപ്പാഴ്ച്ചിതൽപ്പുററായ്ക്കിടന്നുകൂടാ.
വളരെനാളായിപ്പോയി വലയടിക്കാതെ; വെള്ളം
തളിച്ചൊന്നു തറപോലും മെഴുകിടാതെ;
ഇളകിപ്പോയ് ചുവരിലെയിഷ്ടികകൾ; വിടവുക-
ളളകളായ്പ്പോ,യഹികൾക്കകത്തു നുഴാൻ.
പറന്നുപോയ പണ്ടു മേഞ്ഞ പഴയോല; നമ്മുടെയി-
ത്തറവാടു തകരാറായ്, തരിപ്പണമായ്.

Digitized By Kerala Sahitya Akademi

ഉടനിതിൻ കേടുപാടു ശരിപ്പെടുത്താഞ്ഞാൽ മറി-
ഞ്ഞിടിഞ്ഞിതു വന്നുവീഴും തലയിൽത്തന്നെ.
സവർണ്ണർക്കു മാത്രമല്ല തമ്പുരാനും ജനകനു-
മവർണ്ണ്യവൈഭവനാമെന്നംഭോജനാഭൻ.
എൻ പ്രജകൾക്കെന്നപോലെയെനിക്കുമുണ്ടഭിലാഷ-
മമ്പലങ്ങൾ ഹരിജനപ്രാപ്യങ്ങളാക്കാൻ.
എന്തുകൊണ്ടീയഗതികൾ കൈതൊഴുതുവാൻ വരുമ്പോൾ
ബന്ധനം ചെയ്തിരിക്കേണം ക്ഷേത്രകവാടം? [നാം
ആയവർതൻ ഹൃദയത്തിൽ വാണരുളും ഹരിയെ നാം
ധീയകന്നു ചെറുക്കാമോ? ഹരി രണ്ടുണ്ടോ?
സ്നേഹബുദ്ധിയോടുകൂടിയാഗമിക്കും സഹജരിൽ
ദ്രോഹവൃത്തി തുടങ്ങുവോർ ദുഷ്ടരിൽ ദുഷ്ടർ.
ഹരിജനസേവനം താൻ ഹരിയുടെ സേവനമെ-
ന്നറിയുന്നു വേദശാസ്ത്രപുരാണവിജ്ഞർ.
കായനാശം മനുഷ്യർക്കു സാരമില്ല; കായമൊന്നു
പോയാൽ പോകും; വരും വീണ്ടും മററൊരു കായം;
അഭിമാനഹാനി വന്നാലരുന്തുദമാമാവ്രണ-
മപവർഗംവരെ നിൽക്കുമന്തരംഗത്തിൽ.
മനംതന്നിലേവമോർത്തു മഹനീയൻ മഹീനാഥ-
നനന്തരകരണീയവിധാനവ്യഗ്രൻ



Digitized By Kerala Sahitya Akademi



Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

സചിവോത്തമൻ സർ സീ. പി. രാമസ്വാമിയയ്യരോടു
രചിക്കുവാനരുൾചെയ്ത രാജശാസനം. (228)

VII

ഒരു മഹാശ്ചര്യമെന്തുണ്ടിതിൽപ്പരം? വഞ്ചിനാട്ടി-
ലൊരു നരവരൻ നവയൌവനാരൂഢൻ—
ഒരു വെള്ളക്കടലാസ്സു തിരുമുമ്പിൽ—അതിനുള്ളി-
ലൊരു ചെറുവിളംബരമോങ്കാരപ്രായം—
ഒരു പേന മേശമേൽനിന്നെടുക്കൽ—ആ വിളംബര-
മൊരു കുറി വഴിപോലെ വായിച്ചുനോക്കൽ—
ഒരുസന്തോഷാശ്രുധാര തിരുമിഴിയിട്ടൊഴുകൽ—
ഒരു സർവ്വാങ്ഗീണമാകും കോൾമയിർക്കൊള്ളൽ—
ഒരു തുക്കൈവിളയാട്ടം—; ലഭിക്കുകയായ് ജഗതി-
ക്കൊരു കൃതയുഗത്തിൻെറ ശുഭാവതാരം!
തിരുവിതാംകൂറിലേതു രാജകീയക്ഷേത്രത്തിലു-
മൊരു ഹിന്ദുവിന്നു കേറിത്തൊഴുവാൻ മേലിൽ
ഒരു തടസ്ഥവുമില്ല ജാതികൊണ്ടെന്നുൽഘോഷിക്കു-
മൊരു ദിവ്യനിദേശമാണാ വിളംബരം;
ഒരു വിശിഷ്ടോപനിഷ,ത്തീശാവാസ്യപ്രതീകാശ,-
മൊരുധർമ്മദിഗ്വിജയദുന്ദുഭിധ്വാനം,



Digitized By Kerala Sahitya Akademi

ഒരു പൂർവ്വദുരാചാരപരമ്പരാധ്വംസമന്ത്ര-
മൊരു നവ്യസപ്തതന്തുസാമഗാനം.
സ്ഫുടമത്ത കൃഷ്ണവർണ്ണം തനതുരൂപമനല്പാർത്ഥം,
വടപത്രശായിയായ ഹരികണക്കെ.
ഒരുതെല്ലും പതറിയില്ലവിടത്തെക്കരൾത്തട-
മൊരുശങ്കാദോലയിലുമൂയലാടീല ;
ഒരുലേശം വിറച്ചീല വലന്തൃക്കൈയിലെപ്പേന-
യൊരുവേർപ്പുതുള്ളി മെയ്യിലങ്കുരിച്ചീല.
വരയ്ക്കുകയത്രേ ചെയ്തു തൂലികകൊണ്ടവിടുന്നു
ഭരതഭൂദേവിയുടെ യഥാർത്ഥചിത്രം ;
കുറിക്കുകയത്രേ ചെയ്തു ഗുണനിധി ഭാഗധേയ-
ഗരിഷ്ഠമാം കേരളത്തിൻ കീർത്തിജാതകം ;
തിരുത്തുകയത്രേ ചെയ്തു ഹരിജനനിടിലത്തിൽ-
പ്പരമേഷ്ഠി വിന്യസിച്ച ദുരക്ഷരങ്ങൾ.
ഒരുതുള്ളിമഷി ഹിന്ദുമതഭഗവതിയുടെ
തിരുനെററിയിൽക്കസ്തൂരീതിലകമായി ;
തിരുമിഴിക്കഴകെഴുമഞ്ജനമായ് ; തൃക്കഴുത്തി-
ന്നരിയൊരു നീലരത്നപ്പതക്കമായി.
അയിത്തമാം വിന്ധ്യനെത്താൻ പദപ്രഹാരത്താൽ
യയത്നമീനരവരനഗസ്ത്യകല്പൻ ; [ത്താഴ്ത്തി-



Digitized By Kerala Sahitya Akademi

# ചൈത്രപ്രഭാവം

അയിത്തമാം ബലിക്കേകി,യഹിലോകവാസം ഹരി-
ഹയസഹോദരനാമീ വാമനോപമൻ.
അതുവരെയധഃസ്ഥരായശുദ്ധരായെവിടെയോ
ഗതികെട്ടു കിടന്നോരാ ഹരിജനങ്ങൾ
സവർണ്ണർതൻ ക്ഷേത്രംകണ്ടാൽ ശത്രുദുർഗ്ഗമെന്നു കല്പി-
ച്ചവശരായരണ്ടോട്ടമശരണന്മാർ,
കുളിച്ചോരോകുറിയിട്ടു വെളുത്തമുണ്ടുടുത്താ
വിളംബരവിമാനത്തിൽക്കയറി നീളെ
തൊഴുകൈപ്പൂമൊട്ടുയർത്തി മിഴിയിണയിങ്കൽനിന്നു
വഴിയുന്ന വിൺപുഴയിൽ വീണ്ടും മുഴുകി
അണിനിര,ന്നഴിനിലയക,ന്നകതളിർ തെളി-
ഞ്ഞണയുന്നു ദേവസേവയ്ക്കന്ത്യജന്മാർ.
'വരുവിനിങ്ങോട്ടു; വേഗം വരുവിൻ ; നിങ്ങളെകാത്തു
മരുവുന്നു ഞങ്ങ'ളെന്നു സവർണ്ണമുഖ്യർ
പറയുന്നു; നയിക്കുന്നു ഭഗവാന്റെ തിരുമുമ്പിൽ;
പരിചയിപ്പിച്ചിടുന്നു പരിസരങ്ങൾ.
മൂർത്തിയേതെന്നറിവാനും കീർത്തനത്താൽ സ്തുതിക്കാനും
ക്ഷേത്രമര്യാദകൾ പേർത്തും ഗ്രഹിക്കുവാനും
അവർ പഠിച്ചവരല്ലെന്നിരിക്കിലെന്തൊരുഹാനി ?–
യവയൊന്നുമല്ലയല്ലോ യഥാർത്ഥഭക്തി.



Digitized By Kerala Sahitya Akademi

അവൎക്കില്ല കാണിക്കയ്ക്കു പണമെങ്കിൽ വേണ്ട; ദേവ-
ന്നവർ കാഴ്ചവെയ്പതന്തഃകരണരത്നം.
അന്തണനുമന്ത്യജനുമൊന്നുചേൎന്നു കൈകൾകോൎത്തു
ബന്ധുതപൂണ്ടമ്പലത്തിനകത്തു കേറി
താണു ജഗദീശ്വരനെക്കൈതൊഴുതു പോരും കാഴ്ച
കാണുമെൻെറ കണ്ണേ! നിനക്കെന്തു മേൽക്കാമ്യം?
ഇതുതാനോ നാമിന്നോളമിരുന്നതാം ലോകം? മാററ-
മിതിന്നൊരുനിമിഷംകൊണ്ടിത്ര വരാമോ?
ഗാന്ധിജിക്കുപോലുമൊരു മോഹനമാം ദിവാസ്വപ്നം;
ഭ്രാന്തരാകും കവികൾക്കു ഭാവനാചിത്രം;
വിപ്ലവത്തിൻ വിദൂരമാം വിഹായസമണ്ഡലത്തി-
ന്നപ്പുറത്തുള്ളൊരു ഗോള,മസ്പൃഷ്ടദൃശ്യം:—
അതിനെയിങ്ങാകൎഷിച്ചു ഹസ്തഗതമാക്കിയല്ലോ
വിധിവത്താ,യൊരുസൂക്തമോതിയിദ്ദേവൻ.
തന്നുടയ തൂലികയാം യോഗദണ്ഡാ നിലത്തൂന്നി-
ത്തന്നുവല്ലോ നാകമൊന്നീ നവ്യഗാധേയൻ.
വളരെവൎഷങ്ങളായിസ്സഹസ്രശാഖകൾ വാച്ചു
വളൎന്നീടുമയിത്തമാം വിഷവൃക്ഷത്തെ
ഒരുവെട്ടാഞ്ഞോങ്ങിവെട്ടി മറിച്ചിട്ടുവല്ലോ താഴെ-
പ്പരശുരാമോൎവ്വിയിലിപ്പരശുരാമൻ.



Digitized By Kerala Sahitya Akademi

## ചൈത്രപ്രഭാവം

വിരൽചൂണ്ടിക്കാട്ടി ലോകം ചിരിക്കും കല്ലായിരുന്ന
ഭരതക്ഷ്മാഭിധയാകുമഹല്യയാളെ
ശ്രീലമാം തൻ പുരാതനരൂപമേകിക്കാത്തുവല്ലോ
ബാലരാമചന്ദ്രനാമിബ്ബ്രാഹ്മജശ്രേഷ്ഠൻ.
ലോകഗുരു ശങ്കരൻെറ ജന്മദാത്രി വഞ്ചിഭൂമി
കാകവന്ധ്യയല്ലെന്നിന്നു കാണിച്ചു കാലം.
തെക്കററത്താണിരിപ്പതിദ്ദേവതയെന്നാലു,മില്ല
തക്കു,മിന്നു സർവോത്തരമായി തൽസ്ഥാനം.
ഈ മലയവായുവിൻെറ വെന്നിക്കൊടിക്കൂറ പാറും
സോമചൂഡശസ്ത്രുരൻതൻ ശിരസ്സിൽപ്പോലും.
മറയുമിച്ചന്ദനത്തിൻ പരിമളത്തിങ്കൽ മേലി-
ലുരയിലെദ്ദുരാചാരപൂതിഗന്ധങ്ങൾ.
മഞ്ജുളാംഗി ! ഭരതോർവി ! ഭവതിയിന്നർഹയായി
മഞ്ഞുമലവൈരമുടി മൌലിയിൽച്ചൂടാൻ;
വിൺപുഴയാം മുത്തുമാല മാറിടത്തിലണിയുവാ,-
നമ്പർപോലുമൃഷിമാതാവെന്നു പുകഴ്ത്താൻ.
ചിലരുണ്ടാമങ്ങുമിങ്ങുമിതിലരോചകികളാ,-
യുലകമാം വെണ്മതിക്കെന്നില്ലിക്കളങ്കം ?
സാദ്ധ്യമല്ല കല്പകാലസാഗരത്തിൻ തിരകൾക്കു-
മാർദ്രമാക്കാനവർ പേറുമശ്മഹൃദയം.

൧൭.

Digitized By Kerala Sahitya Akademi

## ചൈത്രപ്രഭാവം

വരം തരാൻ ഹരിവന്നാൽ നിറംകണ്ടു വിരണ്ടോടി-
യൊരുജലാശയത്തിൽപോയ് മുഴുകിനിൽപോർ;
പരബ്രഹ്മത്തോടുചേൎന്നു ലയിച്ചിട്ടുമൊഴമതി-
ന്നൊരുശുദ്ധികർമ്മം ചെയ്യാനുറച്ചിരിപ്പോർ;—
ഇരുന്നുകൊള്ളട്ടെ നമുക്കവർകൂടിസ്സമീപത്തിൽ—
പരിഷ്കാരചിത്രങ്ങൾതൻ പശ്ചാത്തലങ്ങൾ.
ഹരിജനപരമ്പരയവിരതം സന്ദർശിക്കും
തിരുപ്പതിയിന്നിത്തിരുവനന്തപുരം;
ചിദംബരം തിരുവയ്യൂം, മധുര കുമാരീക്ഷേത്രം;
ശ്രുതിസുഖദമാം ശബ്ദം ദ്വ്യക്ഷരി വഞ്ചി.
ജയ ജയ ചിത്രോദയ! വഞ്ചിഭൂമീകമിതാവേ!
ജയ ജയ സാധുജനശർമ്മദാതാവേ!
ജയ ജയ ദുരാചാരധ്വാന്തബാലസവിതാവേ!
ജയ ജയ ഹിന്ദുധർമ്മമർമ്മവേത്താവേ!
അവിടത്തേ ഹൃദയത്തിൻ വിരിവിനുമുറപ്പിനു-
മവികലം ധന്യവാദമരുളുമാരും;
അവിടത്തേ മഹത്താമീയപദാനം ഭക്തിപൂർവ-
മെവിടെയും വാഴ്ത്തും ലോകമേതുകാലത്തും;
അവിടത്തെത്തിരുനാമമവനിയിലായുഗാന്ത-
മെവിടെയും പ്രകാശിക്കുമേകാന്തശോഭം.

ഹവ്യ

Digitized By Kerala Sahitya Akademi

അവിടത്തേക്കവധിവിട്ടരുളുവാൻ കനിയട്ടെ
ഭവികങ്ങൾ പരാർദ്ധ്യങ്ങൾ പാഥോജനാഭൻ.
അവിടേയ്ക്കുതീയനിതരസുലഭമാം ഗുണഗണ-
മെവിടെനിന്നുളവായെന്നേവർ കാണ്മീല !
അവിടത്തെപ്രിയമാതാ,വനശ്വരയശസ്വിനി,
വിവിധസൽകലാവലീവിലാസഹർമ്മ്യം;
സരസ്വതീദേവിയുടെ സമഗ്രമാമവതാര,-
മരിവയർകലംകൃചാർത്തുമനർഘരത്നം;
പാരിടത്തിൻ പ്രതിനവഭാഗ്യതാര,മവിടുന്നി-
പ്പാരിജാതലതയിലെ പ്രഫുല്ലപുഷ്പം.
അവിടത്തേ മന്ത്രിവര്യനനവദ്യവിദ്യാരാശി,
ദിവിഷദാചാര്യകല്പൻ, ദീനദയാലു,
അഭിനവരാജ്യതന്ത്രജ്ഞാഗ്രയയായി, ഭാരതത്തി-
ന്നഭിമാനധ്വജസ്തംഭ, മത്ഭുതചര്യൻ,
രാജാരാമമോഹനാദികർമ്മശൂരസമദർശി,
രാജമാനയശസ്തോമൻ, രാമസ്വാമ്യാര്യൻ.
മഹതിയാമവിടത്തെജ്ജനനിക്കും സഹജയ്ക്കും
സഹജനും സചിവനും ബാന്ധവന്മാർക്കും
ശ്രീരുളട്ടെ പകലിരവനുഗ്രഹമതിമാത്രം
നിരുപമകൃപാസിന്ധു നീരജനേത്രൻ. (364)

---



Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi